Draft #50 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 21-Jan-2020 01:08 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: ശമ്പള പരിഷ്കരണം - ജീവനക്കാർക്ക് നൽകിയ സ്റ്റെപ്പ് അപ്പിൽ ഉണ്ടായ അപാകത - മാർഗ്ഗ നിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 330/AD A1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 21.01.2020

---

പരാമർശം:-1. വൈസ് ചാൻസലറുടെ 15.01.2020 തീയതിയിലെ കുറിപ്പ് നം. വി.സി.702/02/006/2020.

2. മാഹാത്മാഗാന്ധി സർവ്വകലാശാല ഓഡിറ്റ്കാര്യാലയം ജോയിൻറ് ഡയറക്ടറുടെ 13.12.2019 തീയതിയിലെ കെ.എസ്.എ.എം.ജി.യു.എ2/909/2019 നമ്പർ കത്ത്.

**ഉത്തരവ്**

പത്താം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ 78 ജീവനക്കാർക്ക്, ശ്രീ. വെങ്കിടേശ്വരൻ ആർ, ശ്രീ. രാജു എസ് എന്നീ സെക്ഷൻ ഓഫീസർമാരുടെ ശമ്പളവുമായി താരതമ്യപ്പെടുത്തി, സ്റ്റെപ്പ് അപ്പ് നൽകി ശമ്പളം പുനർ നിർണ്ണയിച്ചിരുന്നു. എന്നാൽ ലിസ്റ്റിൽപ്പെട്ട ഏതാനും ജീവനക്കാരുടെ സേവനരേഖകൾ പരിശോധിച്ചതിൽ നിന്നും ടി ജീവനക്കാർ ഇപ്രകാരം സ്റ്റെപ്പ് അപ്പിന് അർഹരല്ലായെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യാലയം കണ്ടെത്തിയിരിക്കുന്നു. ശ്രീ. വെങ്കിടേശ്വരൻ ആർ, ശ്രീ. രാജു എസ് എന്നീ സെക്ഷൻ ഓഫീസർമാർ, 2009 -ലെ ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയപ്പോൾ വിവേക പൂർവ്വം ഓപ്റ്റ് ചെയ്തതിനാലാണ് ഇപ്രകാരം ടിയാളുകളുടെ ശമ്പളത്തിൽ വർദ്ധനവ് ഉണ്ടാകുവാൻ ഇടയായത് എന്നും ആയതിനെ 2014 -ലെ ശമ്പള പരിഷ്കരണ അപാകതയായി കണ്ട് ഇപ്രകാരം നൽകിയിട്ടുള്ള സ്റ്റെപ്പ് അപ്പ് അനുവദിക്കുവാൻ സാധിക്കുകയില്ലായെന്നും ജോയിൻറ് ഡയറക്ടർ, മഹാത്മാഗാന്ധി സർവ്വകലാശാല ഓഡിറ്റ് കാര്യാലയം സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട്. സമാന രീതിയിലുള്ള അപാകത 2004, 2009 ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിൽ ഉണ്ടായിട്ടുണ്ട് എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ആയതിൻറെ അടിസ്ഥാനത്തിൽ, ശമ്പള പരിഷ്കരണം/ നിർണ്ണയം നടപ്പിലാക്കുമ്പോൾ താഴെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് വേണമെന്ന് സൂചന (1) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാലയിൽ ഭാവിയിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സ്റ്റെപ്പ് അപ്പ് നൽകേണ്ട സാഹചര്യമുണ്ടായാൽ ആയത് നിയമാനുസൃതം പരിശോധിച്ച് ജൂനിയറായ ജീവനക്കാരൻറെ പേര് സർവ്വകലാശാല ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. ധനകാര്യ വിഭാഗത്തിൻറെ അനുമതിയോടുകൂടി ബന്ധപ്പെട്ട ഫയൽ വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. ഫിനാൻസ് I/II/III/IV/V/ ഓഡിറ്റ് I/II/III/IV/V/ എഡി.സി I/II/III
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
7. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് മഹാത്മാഗാന്ധി സർവ്വകലാശാല
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #50 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 21-Jan-2020 01:08 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം